# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**നമ്പർ: 6330/ബി/2015/സം.തി.ക.** **തീയതി: 27.10.2015.**

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2015 - തിരഞ്ഞെടുപ്പ് ചെലവുകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ - ഭേദഗതി - സംബന്ധിച്ച്.

സൂചന:- കമ്മീഷൻ 17.10.2015-ലെ ഇതേ നമ്പർ തിരഞ്ഞെടുപ്പ് ചെലവ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ.

**********

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങളിൽ "ഗുണകാംക്ഷികളോ രാഷ്ട്രീയ പാർട്ടികളോ ചെലവാക്കുന്ന ചെലവുകൾ" എന്ന ശീർഷകത്തിലെ വിവരണം ചുവടെ ചേർക്കും വിധം ഭേദഗതി വരുത്തുന്നു.

"ഒരു സ്ഥാനാർത്ഥിക്കുവേണ്ടി സ്ഥാനാർത്ഥിയുടെ ഗുണകാംക്ഷികളോ, രാഷ്ട്രീയ പാർട്ടികളോ ചെലവാക്കുന്ന തുക സംബന്ധിച്ച്, ഏത് കാര്യത്തിന് ആര് ചെലവാക്കിയെന്നും, മറ്റുമുള്ള വിശദ വിവരങ്ങൾ രേഖാമൂലം ഉടനെതന്നെ വരണാധികാരിയെ അറിയിച്ചിരിക്കണം. ചെലവുചെയ്ത ആളോ, പാർട്ടിയോ ചെലവു ചെയ്ത തുക സംബന്ധിച്ച് എന്തിനുവേണ്ടി എന്നു ചെലവാക്കിയെന്നത് സംബന്ധിച്ചും, വിശദമായ വിവരങ്ങൾ സൂക്ഷിച്ചു വയ്ക്കേണ്ടതാണ്."

ഈ വിവരം ജില്ലയിലെ എല്ലാ തിരഞ്ഞെടുപ്പ് നിരീക്ഷകരെയും രേഖാമൂലം അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

**ഒപ്പ്**
**പി. ഗീത**
സെക്രട്ടറി

പകർപ്പ്:-

എല്ലാ തിരഞ്ഞെടുപ്പ് നിരീക്ഷകർക്കും (ജനറൽ)
എല്ലാ തിരഞ്ഞെടുപ്പ് നിരീക്ഷകർക്കും (ചെലവ്)
എല്ലാ വരണാധികാരികൾക്കും.